# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1518 06.03.2018 ൽ മറുപടിയ്ക്ക്

**ലക്ഷ്വറി ബസ് സർവ്വീസുകളെ നിയന്ത്രിക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ലക്ഷ്വറി ബസുകൾ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകളെയും വരുമാനത്തെയും ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അയൽ സംസ്ഥാനങ്ങളിലെ പ്രധാന പട്ടണങ്ങളിലേക്ക് ധാരാളം സ്വകാര്യ കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ അനധികൃതമായി ദൈനംദിനം സർവ്വീസ് നടത്തിവരുന്നുണ്ട്. ടി സർവ്വീസുകൾ അന്തർസംസ്ഥാന കരാർ പ്രകാരം നിയമാനുസൃതം സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. |
| (ബി) | ഇങ്ങനെയുള്ള സർവ്വീസുകൾ നടത്തുന്നത് സർക്കാർ അനുമതിയോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | നിയമാനുസൃതമായ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ സർവീസ് നടത്തുന്നതിനാണ് അനുമതി നൽകുന്നത്. |
| (സി) | യാത്രക്കാരിൽ നിന്നും അമിത ചാർജ് ഈടാക്കി വരുന്ന ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | യാത്രക്കാരിൽ നിന്നും അമിത ചാർജ് ഈടാക്കുന്ന വാഹനങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഉത്സവ സീസണുകളിലും നീണ്ട അവധി വരുന്ന ദിവസങ്ങളിലും രാത്രികാലങ്ങളിലും പ്രത്യേക വാഹന പരിശോധന നടത്തുന്നുണ്ട്. ഇത് മൂലം ഇത്തരം പരാതികൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ